## പത്രപരസ്യം

## മൌലാനാ ആസാദ് നാഷണൽ സ്കോളർഷിപ്പ് സ്കീം
## ന്യൂനപക്ഷ വിഭാഗത്തിലെ പെൺകുട്ടികൾക്ക് അപേക്ഷിക്കാം.

തിരുവനന്തപുരം: മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി തുടങ്ങി ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളിൽ നിന്നും മൌലാനാ ആസാദ് നാഷണൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം പഠനം അവസാനിപ്പിക്കേണ്ടി വരുന്ന ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ പെൺകുട്ടികളെ ഉപരി പഠനത്തിന് സാധ്യത ഒരുക്കുക എന്നതാണ് ഈ സ്കോളർഷിപ്പിലൂടെ ഫൌണ്ടേഷൻ ഉദ്ദേശിക്കുന്നത്. പഠനവുമായി ബന്ധപ്പെട്ട സ്കൂൾ /കോളേജ് ഫീസ്, പുസ്തകം വാങ്ങൽ, സ്റ്റേഷനറി, മറ്റ് ഉപകരണങ്ങൾ, ഹോസ്റ്റൽ ഫീസ് തുടങ്ങിയ ഇനത്തിലാണ് ഈ തുക നൽകുന്നത്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവർ 2013-ൽ 55 % മാർക്കോട് കൂടി എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ വിദ്യാഭ്യാസം നേടിയവരും 2013 -ൽ തന്നെ ഹയർസെക്കന്ററി ഒന്നാം വർഷ പഠനത്തിന് അർഹത നേടിയവരുമായിരിക്കണം. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ മറ്റ് സ്കോളർഷിപ്പ് ലഭിച്ചവർ ഇതിന് അപേക്ഷിക്കേണ്ടതില്ല. സ്കോളർഷിപ്പ് തുക 12000/- രൂപയാണ്. പൂരിപ്പിച്ച അപേക്ഷ സെപ്റ്റംബർ 30- നകം 'സെക്രട്ടറി മൌലാനാ ആസാദ് എഡ്യൂക്കേഷൻ ഫൌണ്ടേഷൻ, ചെയിംസ് ഫോഡ് റോഡ്, ന്യൂഡൽഹി - 110 055' എന്ന വിലാസത്തിൽ ഓൺലൈനായും നൽകാം. അപൂർണ്ണവും വൈകി വരുന്നതുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷാ ഫാറവും കൂടുതൽ വിവരങ്ങളും www.maef.nic.in എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണെന്ന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചു.

**ഡയറക്ടർ**

എഫ്.എൻ01/08